ഇടതുപക്ഷം ഉറപ്പുതരുന്ന
യഥാർത്ഥ വികസനം ഏറ്റുവാങ്ങാൻ

# തിരുത്താനൊരുങ്ങി തിരൂർ




എൽഡിഎഫ് തിരൂർ നിയോജകമണ്ഡലം
തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ വികസനരേഖ

**LDF വരും
എല്ലാം ശരിയാകും**

# എൽഡിഎഫ് തിരൂർ നിയോജകമണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ വികസനരേഖ

## ഉള്ളടക്കം


1. തിരൂരിന്റെ വികസനം എന്ത്, എങ്ങനെ? (മുഖവുര) 2

2. നമ്മുടെ ചെറുപ്പക്കാർ ഉറ്റുനോക്കുന്നത് 4

3. പൊതുവിദ്യാഭ്യാസം, കരിയർ ഗൈഡൻസ് 6

4. പൊതുജനാരോഗ്യം – പേരും ബോർഡും മാറ്റുന്നതിനപ്പുറം 7

5. കുടിവെള്ളം, ഗതാഗതം, വൈദ്യുതി... നമ്മുടെ അടിസ്ഥാനപ്രശ്നങ്ങൾ 9

6. കൃഷി, മത്സ്യമേഖല – പോയ പ്രതാപം തിരിച്ചു പിടിക്കാൻ 12

7. വ്യവസായം 14

8. ടൂറിസം, സാംസ്കാരികം – തുഞ്ചൻപറമ്പു മുതൽ കോരങ്ങത്ത് ജുമാമസ്ജിദ് വരെ 15

9. പ്രവാസികൾ തിരൂരിന്റെ നട്ടെല്ല് 16

10. തിരൂർപ്പുഴ 18

11. ദളിത് വികസനം 18

12. സ്ത്രീശാക്തീകരണം 19

13. ഭരണസംവിധാനം 19

### തിരൂരിന്റെ വികസനം എന്ത്, എങ്ങനെ?

# തിരൂരിന് ഇനിയും വളരാനുണ്ട്

മാന്യരെ,

രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ രാജ്യം ഇന്ന് ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സബ്സിഡികൾ വെട്ടിക്കുറച്ചും പൊതുമേഖലാ വ്യവസായങ്ങൾ വിറ്റുതുലച്ചും തൊഴിൽനിയമങ്ങളിൽ വെള്ളം ചേർത്തും വിദേശനാണ്യശേഖരത്തിന്റെ മേനിപറയാൻ വിലക്കയറ്റം സൃഷ്ടിച്ചും മതവിദ്വേഷം പ്രചരിപ്പിച്ചും ദളിതരേയും മതന്യൂനപക്ഷങ്ങളേയും ആക്രമിച്ചും വിദ്യാർത്ഥികളെപ്പോലും രാജ്യദ്രോഹികളായി ചിത്രീകരിച്ചും കുത്തകമുതലാളിമാർക്ക് ഒത്താശ ചെയ്തും സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കുന്ന കേന്ദ്രസർക്കാർ ഒരു വശത്ത്. മറുവശത്തോ, കഴിഞ്ഞ അഞ്ചു വർഷമായി അഴിമതിയിലും ജനദ്രോഹനയങ്ങളിലും മുങ്ങിക്കുളിച്ച്, ക്രിമിനൽ, മാഫിയ സംഘങ്ങളുമായി ഒത്തുകളിച്ച് കേരളത്തെ വിൽക്കാൻ വെച്ചിരിക്കുന്ന ഒരു സംസ്ഥാന സർക്കാരും.

16 മണ്ഡലങ്ങളിലായി വിശാലമായി കിടക്കുന്ന മലപ്പുറം ജില്ല പൊള്ളയായ വികസന വായാടിത്തത്തിന് വീണ്ടും അഞ്ചു വർഷം കൂടി വേദിയായി. ദുരവസ്ഥ നേരിടുന്ന മഞ്ചേരി മെഡിക്കൽ കോളേജ്, വാഗ്ദാനത്തിലൊതുങ്ങിയ അലിഗഢ് കേന്ദ്രം, പിടിപ്പുകേടിന്റെ ഇഫ്ളു, വഞ്ചനയും പേറി കരിപ്പൂർ, വിവാദങ്ങളൊടുങ്ങാത്ത കാലിക്കറ്റ് വാഴ്സിറ്റി... ഭരണമുന്നണിയുടെ പിടിപ്പുകേടിന് എത്രയെത്ര പ്രാദേശിക ഉദാഹരണങ്ങൾ.

കോടിക്കണിക്കന് രൂപയുടെ വികസനനേട്ടങ്ങളുടെ വികസനബോർഡുകൾ സ്ഥാപിക്കുന്ന എംഎൽഎക്കു മുന്നിൽ മണ്ഡലത്തിലെ കോട്ടങ്ങളുടെ കണക്കുകൾ മാത്രമേ ജനങ്ങൾക്ക് പറയാനുള്ളു. തകർന്നടിഞ്ഞ കാർഷിക മേഖല, പത്താൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒരു ചെറുകിട വ്യവസായം പോലും ആരംഭിക്കാൻ കഴിയാതെ പോയത്, അവഗണനയുടെ നിത്യസ്മാരകമായ സർക്കാർ ആശുപത്രി, ടിഎംജി കോളേജിന്റെ ഒഴിഞ്ഞൊരു കോണിൽ കെട്ടിയുണ്ടാക്കിയ മലയാളം സർവകലാശാലയ്ക്ക് സ്വന്തമായി ഒരു തുണ്ട് ഭൂമി കണ്ടെത്തുന്നതിനു വരെ ഇവർക്കായില്ല. എങ്ങുമെത്താതെ പോയ പൊന്മുണ്ടം ബൈപ്പാസ്, എൽഡിഎഫ് സർക്കാർ പ്രഖ്യാപിച്ച് യുഡിഎഫ് സർക്കാരിന് നടപ്പാക്കാനാവാതെ പോയ തിരുനാവായ-തവനൂർ പാലം, നിത്യേന വർധിക്കുന്ന ഗതാഗതക്കുരുക്കുകൾ... അവഗണനയുടെ ഈ ഗതികേടുകളും പേറി എത്രകാലമിങ്ങനെ നമ്മൾ മുന്നോട്ടുപോകും?

കുറ്റമറ്റ ആസൂത്രണമാണ് കേരളത്തിന് പൊതുവിലും തിരൂരിന് വിശേഷിച്ചും ആവശ്യമുള്ളത്. എല്ലാ അർത്ഥത്തിലും തകർച്ചയുടെ നെല്ലിപ്പടി കണ്ട കേരളത്തെ പുതുക്കിപ്പണിയാൻ തിരുവനന്തപുരത്ത് ചേർന്ന അന്താരാഷ്ട്ര പഠന കോൺഗ്രസ് പുത്തൻ വികസന നിർദേശങ്ങളും കണ്ടെത്തലുകളുമായി പുതിയൊരു മുന്നേറ്റത്തിന് തുടക്കം കുറിച്ചിരിക്കുന്നതാണ് ഇക്കാര്യത്തിലുള്ള ഏറ്റവും വലിയ പ്രതീക്ഷ.

ഇതിന്റെ ചുവടുപിടിച്ച് തിരൂർ നിയോജകമണ്ഡലത്തിലെ ഉൽപ്പാദനമേഖല, വ്യവസായിക മേഖല, സേവനമേഖല എന്നിവയെ ആഴത്തിൽ സമ്പന്നമാക്കാനായി എൽഡിഎഫ് തിരൂർ നിയോജകമണ്ഡലം കമ്മിറ്റി തയ്യാറാക്കുന്ന സമഗ്രവും ബൃഹത്തുമായ വികസനരേഖയുടെ ആദ്യകരടാണ് ഇനിയുള്ള പേജുകളിൽ നിങ്ങൾ വായിക്കാൻ പോകുന്നത്.

രാഷ്ട്രീയ നേതാക്കൾ, ഭരണസാരഥികൾ, വിദഗ്ധർ, സാമൂഹ്യപ്രവർത്തകർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, സാധാരണക്കാർ എന്നിവരെ ഉൾപ്പെടുത്തി വിപുലമായ ചർച്ചകളിലൂടെ ഈ നടത്തിപ്പുരേഖ സമ്പുഷ്ടവും സമ്പൂർണവുമാക്കേണ്ടതുണ്ട്. തിരൂരിന്റെ വികസനം ആ ഗ്രഹിക്കുന്ന ഓരോർത്തർക്കുമുള്ള ഒരു മാർഗരേഖയായി നമുക്കിതിനെ വികസിപ്പി ക്കണം.

വികസനസാധ്യതകൾ ഏറെയുള്ള മണ്ഡലമാണ് തിരൂർ. ഒരു വശത്ത് ഇക്കാര്യത്തിൽ നിലവി ലുള്ള നമ്മുടെ പിന്നോക്കസ്ഥിതി. മറുവശത്ത് ജില്ലയിൽ ഏറ്റവുമധികം ചെറുപ്പക്കാരുള്ള (20-30 പ്രായപരിധിയിൽപ്പെട്ടവരുള്ള) നിയോജകമണ്ഡലമെന്ന അവസ്ഥ. ഇങ്ങനെ രണ്ടർത്ഥ ത്തിലും തിരൂർ യഥാർത്ഥ വികസനത്തെ ഉറ്റുനോക്കുന്നു. തിരൂരിന് വികസിച്ചേ തീരൂ.

റോഡ്, റെയിൽ ഗതാഗത സൗകര്യങ്ങൾക്ക് പുറമെ ഇച്ഛാശക്തിയോടെ ദീർഘവീക്ഷണമു ള്ള പദ്ധതി നടപ്പാക്കിയാൽ ജല ഗതാതത സൗകര്യവും ഉറപ്പുവരുത്തുവാനാകും. ഇവ ഗു ണകരമായി പ്രയോജനപെടുത്തിയാൽ തിരൂരിന്റെ മുഖച്ഛായതന്നെ മാറും. മാത്രമല്ല മതേ തരത്വത്തിന്റെ ഈറ്റില്ലമാണ് തിരൂർ. സാമ്രാജ്യത്വവിരുദ്ധപോരാട്ടത്തിനും കർഷക സമര ങ്ങൾക്കും നമ്മുടെ നാട് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇവിടെ സാംസ്കാരിക, കലാരംഗങ്ങ ളിലും വിദ്യാഭ്യാസ രംഗത്തും തൊഴിൽ കാർഷിക, മത്സ്യബന്ധന മേഖലകളിലും വ്യാപാര രംഗത്തും നമുക്ക് ഏറെ ചെയ്യാനുണ്ട്. സർക്കാർ സഹായത്തോടെ സ്വകാര്യസംരംഭകരു മായി സഹകരിച്ച് വ്യവസായരംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യരംഗത്തെ സമഗ്ര വികസനവും അംഗൻവാടികൾ മുതൽ ഉന്നത വിദ്യാഭ്യാസരംഗം വരെ നിലവാരം മെച്ചപെടുത്തേണ്ടതും അർഹരായവർക്ക് അവസരങ്ങൾ നൽകേണ്ടതും വിദ്യാഭ്യാസ രംഗ ത്തെ പദ്ധതികളുമാണ് നമ്മുടെ മറ്റു പ്രധാന ആവശ്യങ്ങൾ. ഇത്തരത്തിലുള്ള ജനകീയവും സർവ്വതല സ്പർശിയുമായ വികസന കാഴ്ചപ്പാടാണ് ഇടതുപക്ഷം ഈ തെരഞ്ഞെടുപ്പിൽ മുന്നോട്ട് വെക്കുന്നത്. സ്വാഭാവികമായും ഇത്തരം പ്രവർതത്തനങ്ങൾക്ക് നേതൃത്വം നൽ കാൻ രാഷ്ട്രീയ ബോധവും സാമൂഹിക രംഗത്തെ പ്രവർത്തന പരിചയവുമുള്ള അഴിമതി പുരളാത്ത നിസ്വാർത്ഥ നേതൃത്വമാണ് ആവശ്യം. അതുകൊണ്ട് തന്നെയാണ് ഗഫൂർ പി. ലില്ലീസിനെ ഇടതുപക്ഷം പിന്തുണക്കുന്നത്. വിദ്യാലയ കാലം മുതൽ ഉന്നത വിദ്യാഭ്യാസ രംഗംവരെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ അമരക്കാരൻ. യുവജന പ്രസ്ഥാനത്തിന്റെ കരു ത്തനായ നേതാവ്, പിന്നീട് പ്രവാസ കാലത്ത് സാംസ്കാരിക രംഗത്ത് സജീവം. സാമൂ ഹ്യസേവന രംഗത്തും ഗഫൂർ പി. ലില്ലീസിന്റെ നേതൃത്വത്തിലുള്ള സൗഹൃദ സംഘത്തി ന്റെ ഇടപെടലും മാതൃകാപരം. അതുകൊണ്ട് തന്നെ ഇടതുപക്ഷത്തിന്റെ ജനപക്ഷ വികസ ന പദ്ധതികൾ നടപ്പാക്കാൻ ഗഫൂറിന് കഴിയും എന്ന് ഞങ്ങൾക്കുറപ്പുണ്ട്.

തിരൂരിന്റെ സമഗ്രവും യഥാർത്ഥവുമായ വികസനത്തിന് ഗഫൂർ പി. ലില്ലീസിനെ വിജയി പ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇടതുപക്ഷത്തിന്റെ വികസനരേഖ നിങ്ങളുടെ പരിഗണ നക്കായി സമർപ്പിക്കുന്നു

കൺവീനർ

എൽഡിഎഫ് തിരൂർ നിയോജകമണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി

### ചെറുപ്പക്കാർക്ക് വേണ്ടത് വാഗ്ദാനങ്ങളല്ല; പ്രവർത്തനപരിപാടികൾ

## ഐടി@യൂത്ത്

ഞങ്ങൾ നടത്തിയ പഠന പ്രകാരം ജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാസമ്പന്നരായ യുവതീ യുവാക്കളുള്ള മണ്ഡലമാണ് തിരൂർ. മാത്രമല്ല ഇവരിലധികവും കമ്പ്യൂട്ടർ സാക്ഷരതയുള്ളവരും ഐടി രംഗത്ത് ഉന്നത പരിശീലനം നേടിയവരുമാണ്. ഈ യുവജനശേഷിയെ ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയുന്ന പദ്ധതികൾക്കായിരിക്കും എൽഡിഎഫ് പ്രഥമ പരിഗണന നൽകുക. വീട്ടിലിരുന്നും ചെറുകിട, വൻകിട സംരംഭങ്ങളിലൂടെയും ഇവരുടെ വ്യത്യസ്ത യോഗ്യതകൾക്കും അഭിരുചികൾക്കുമനുസരിച്ചുള്ള തൊഴിൽ ലഭ്യമാക്കുക, ഉന്നത പഠനത്തിനാവശ്യമായ മുഴുവൻ സഹായവും എത്തിക്കുക, പുതിയതും വ്യത്യസ്തവുമായ ആശയങ്ങൾക്ക് സംരഭകരെ കണ്ടെത്തുക തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കാനാണ് എൽഡിഎഫ് ലക്ഷ്യമിടുന്നത്.

ആഗോള അനുഭവ സമ്പത്തുള്ള പ്രവാസികൾ ഏറെയുള്ള പ്രദേശമാണ് തിരൂർ. കേരളത്തിലെ തന്നെ പ്രധാന ഗൾഫ് മാർക്കറ്റും തിരൂരിലാണ്. ഈ പശ്ചാത്തലത്തിൽ മികച്ച സാധ്യതകൾ ഉണ്ടായിരുന്നിട്ടും ഐടി രംഗത്ത് ഒരു പദ്ധതിയും നാളിതുവരെ തിരൂരിൽ സ്ഥാപിക്കപ്പെട്ടില്ല. ഇതു കണക്കിലെടുത്താണ് വിവിധ ഐടി പദ്ധതികൾ എൽഡിഎഫ് ആസൂത്രണം ചെയ്യുന്നത്.

1. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽനൽകുന്നതിനു ലക്ഷ്യമിട്ട് തിരൂർ മണ്ഡലത്തിൽ ഐടി പാർക്ക് സ്ഥാപിക്കും
2. തിരൂർ കേന്ദ്രമായി ടെക്നോളജി സെന്റർ-സ്റ്റാർട്ടപ്പ് വില്ലേജ്
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഐടി വികസനം നടപ്പാക്കും
4. ഇ-ഗവേണൻസ് സെന്ററുകൾ സ്ഥാപിക്കും, വിപുലപ്പെടുത്തും
5. പുതിയ ഐടി സംരംഭങ്ങളെ കൈപിടിച്ച് പ്രവർത്തനസജ്ജമാക്കാൻ സഹായിക്കുന്ന ഐടി ഇൻകുബേറ്റർ സംവിധാനം കൊണ്ടുവരാൻ ശ്രമിക്കും
6. പ്രധാന ഐടി കമ്പനികളുടെ ഓഫ്ഷോർ ഡെവലപ്മെന്റ് (വിദൂര പ്രവർത്തന) കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തും
7. സ്കൂൾ, കോളേജ് തലങ്ങളിൽ ഐടി പഠനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പാക്കും

## 1. പൊതുവിദ്യാഭ്യാസവും സേവന മേഖലയും

നമ്മുടെ നാട് സാക്ഷരതിയിലും പൊതുവിദ്യാഭ്യാസത്തിലും ഏറെ മുന്നിലാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്തെ നമ്മുടെ സ്ഥാനം മുൻപന്തിയിലല്ല. വിദ്യാഭ്യാസനിലവാരവും മെച്ചപ്പെട്ടതല്ല. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഉന്നതവിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ ഉറപ്പാക്കുന്നതിനും നമുക്കാകണം. അതിനുതകുന്ന നിർദേശങ്ങൾ മുന്നോട്ടുവെയ്ക്കുന്നു.

### പ്രീ-പ്രൈമറി വിദ്യാഭ്യാസം

1. അംഗനവാടികൾ ഹൈടെക്കാക്കും

2. അംഗനവാടികൾ പ്രീസ്കൂളാക്കും

3. അംഗനവാടികൾ കേന്ദ്രീകരിച്ച് പ്രീ-സ്കൂൾ പഠന പരിപാടിക്ക് നേതൃത്വം നൽകും

## പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ

എംഎൽഎയുടെ നേതൃത്വത്തിൽ മണ്ഡലത്തിലെ മുഴുവൻ വിദ്യാലയങ്ങളേയും ഏകോപിപ്പിച്ചു കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും എസ്എസ്എയുടേയും ഡയറ്റിന്റേയും സഹായത്തോടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വിജയശ്രീ പദ്ധതി നടപ്പിലാക്കും

1. നിയോജകമണ്ഡലത്തിലെ ഹയർ സെക്കൻഡറി സ്കൂളുകൾ, അപ്പർ പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ എന്നിവ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റാൻ നടപടികളെടുക്കും
2. 8 മുതൽ 12 വരെയുള്ള മുഴുവൻ ക്ലാസ്റൂമുകളും സ്മാർട്ട് (ഡിജിറ്റൽ) ക്ലാസ്റൂമുകളാക്കും
3. ഹയർ സെക്കൻഡറി വിഭാഗത്തിൽ പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കും
4. ടെക്നിക്കൽ ഹൈസ്ക്കൂൾ ആരംഭിക്കാൻ ശ്രമിക്കും (ജിഎംയുപി ബി. പി. അങ്ങാടി)
5. മുഴുവൻ വിദ്യാലയങ്ങളിലേയും ഐടി ലാബുകൾ നവീകരിക്കും
6. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമിക്കുന്നതിന് സമ്മർദ്ദം ചെലുത്തും
7. മുഴുവൻ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങൾക്കും ഒരു സ്മാർട്ട് ക്ലാസ്റൂം അനുവദിക്കും
8. സയൻസ് ലാബുകൾ, ഗണിത ലാബുകൾ ലൈബ്രറികൾ എന്നിവ നവീകരിക്കാനും വിപുലപ്പെടുത്താനും നടപടികളെടുക്കും.
9. നീന്തൽപരിശീലനം ലഭ്യമാക്കി അക്വാട്ടിക് സെന്റർ നിർമിക്കും
10. പുതിയ വൊക്കേഷനൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിക്കും
11. മലയാളം സർവകലാശാലയുടെ സഹായത്തോടെ നമ്മുടെ മലയാളം പദ്ധതി നടപ്പാക്കും
12. ഇംഗ്ലീഷ് പഠനത്തിന് ഊന്നൽ നൽകുന്നതിനായി ഈസി ഇംഗ്ലീഷ് പദ്ധതി നടപ്പാക്കും
13. ഹൈസ്ക്കൂൾ, ഹയർ സെക്കൻഡറി തലങ്ങളിൽ ലാംഗ്വേജ് ലാബുകൾ സ്ഥാപിക്കും

## ഉന്നത വിദ്യാഭ്യാസം

1. മണ്ഡലത്തിൽ ഒരു ഗവൺമെന്റ് ഐടിഐ സ്ഥാപിക്കും
2. ഐടി മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കും
3. പാരാമെഡിക്കൽസ്, നേഴ്സിംഗ്, കോളേജുകൾ എന്നിവ സ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തും
4. കായിക വിദ്യാഭ്യാസം നൽകുന്നതിനായി ഫിസിക്കൽ എജ്യുക്കേഷൻ സെന്റർ സ്ഥാപിക്കും
5. യൂണിവേഴ്സിറ്റിയുടെ സ്റ്റഡി സെന്റർ കൊണ്ടുവരും
6. എഎസ്എപിയുടെ ട്രെയ്നിംഗ് സെന്റർ ആരംഭിക്കും
7. മലയാളം സർവകലാശാല വിപുലീകരിക്കും
8. മലയാള സർവകലാശാലയുടെ വികസനത്തിന് എല്ലാവിധ പിന്തുണയും നൽകും
9. കായിക പരിശീലനത്തിനായി സ്പോർട് അക്കാദമി സ്ഥാപിക്കാൻ ശ്രമിക്കും

## 2. കരിയർ ഗൈഡൻസും വ്യക്തിത്വവികസനവും

നമ്മുടെ നാട്ടിലും വിദേശത്തുമുള്ള തൊഴിലവസരങ്ങൾ രജിസ്റ്റർ ചെയ്ത് അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരെ അതാത് സമയത്ത് എസ്.എംഎസും ഇമെയിലും വഴി അറിയിക്കുന്ന പദ്ധതി. പുതിയ കോഴ്സുകളെ കുറിച്ചുള്ള വിവരങ്ങൾ നൽകാനും പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് പരിപാടികൾ നടപ്പാക്കാനും ഇവിടെ സൗകര്യമുണ്ടാകും. വിവിധ മേഖലകളിൽ പ്രഗൽഭരായ പ്രൊഫഷണലുകളുടെ ക്ലാസുകളും ഈ സെന്ററിന്റെ പ്രത്യേകതയായിരിക്കും

3. സൗജന്യ തൊഴിൽപരിശീലന കേന്ദ്രങ്ങൾ - തുന്നൽ മുതൽ കമ്പ്യൂട്ടർ വരെ ഇത്തരം ഇടങ്ങളിൽ നിന്ന് സൗജന്യമായി പഠിക്കാം. പി.എസ്.സി കോച്ചിങ്ങും ഇവിടെയുണ്ടാകും. കുടുംബശ്രീയുമായി സഹകരിച്ച് ഓരോ പഠിതാവിനും ആവശ്യമായ പഠന സാമഗ്രികളും സൗജന്യമായി നൽകും.

4. ഉന്നത വിജയം - ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശീലന പരിപാടികൾ, മെഡിക്കൽ, എഞ്ചിനീയറിങ്ങ് പ്രവേശന പരീക്ഷകൾക്കുൾപ്പടെ, സൗജന്യമായി സംഘടിപ്പിക്കും. ഇതിലൂടെ സ്വാശ്രയ, അന്യസംസ്ഥാന മാഫിയകളിൽ നിന്ന് രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും മോചിപ്പിക്കാനാകും. അഞ്ച് വർഷം കൊണ്ട് അഞ്ഞൂറ് വിദ്യാർത്ഥികൾക്കെങ്കിലും അവസരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിജയം എന്ന പേരിൽ പദ്ധതി നടപ്പാക്കുക.

5. നല്ല പ്രാതൽ - നമ്മുടെ കുട്ടികളുടെ പോഷകാഹാരക്കുറവ് പഠനത്തെയും ആരോഗ്യത്തെയും ബാധിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. പ്രധാനമായും പ്രഭാത ഭക്ഷണം കിട്ടാത്തതാണ് മിക്ക കുട്ടികളുടെയും പ്രശ്നം. തീരദേശത്താണ് ഇത് കൂടുതൽ രൂക്ഷം. ഇവിടങ്ങളിലെ മുഴുവൻ എൽപി, യുപി വിദ്യാലയങ്ങളിലും പ്രഭാത ഭക്ഷണം സൗജന്യമായി നൽകുന്ന പദ്ധതി ആവശ്യമാണ്. ഇതിനായി ചില സംഘടനകളും വ്യക്തികളും മുന്നോട്ടു വന്നിട്ടുണ്ട്. ഇവരെ ഏകോപിപ്പിച്ച് നല്ല പ്രാതൽ, നല്ല ദിനം എന്ന പേരിൽ പദ്ധതി നടപ്പാക്കും.

6. മുഴുവൻ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും കമ്പ്യൂട്ടർവത്കരിക്കുകയും അത്യാധുനിക സ്മാർട്ട് ക്ലാസ്റൂമുകൾ സജ്ജമാക്കുകയും ചെയ്യും. കോഴിക്കോട് നടക്കാവ് സ്കൂൾ മാതൃകയിൽ പ്രധാന വിദ്യാലയങ്ങളെ അത്യാധുനിക വിദ്യാലയങ്ങളാക്കി മാറ്റും. മാതൃഭാഷയുടെ വളർച്ചയ്ക്കൊപ്പം ഇംഗ്ലീഷ്ഭാഷാ പരിജ്ഞാനത്തിനും പ്രാധാന്യം നൽകി വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും

7. സുമനസ്സുകളുടെ സഹകരണത്തോടെ പ്ലസ്ടു വരെ സ്കോളർഷിപ്പ് ഏർപ്പെടുത്തും

8. കഴിവും യോഗ്യതയുമുണ്ടായിട്ടും പണമില്ലെന്ന കാരണത്താൽ വിദ്യാഭ്യാസം മുടങ്ങുന്ന സ്ഥിതി മണ്ഡലത്തിലെ ഒരു കുട്ടിക്കും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തും. ഇത്തരം ആവശ്യങ്ങൾക്കായി ഒരു വിദ്യാഭ്യാസ നിധി തുടങ്ങും.

9. പഠന രംഗത്ത് മികവ് തെളിയിക്കുന്ന നിർധനരായ വിദ്യാർഥികൾക്ക് സൗജന്യ ലാപ്ടോപ്പും ഇന്റർനെറ്റ് കണക്ഷനും നൽകും

10. തൊഴിലധിഷ്ഠിത കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് സ്വന്തമായി സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായം ഉറപ്പുവരുത്തും

### ജനഹിത പദ്ധതികളും ജനകീയ ഓഡിറ്റിങ്ങും

1. എംഎൽഎ ഓഫീസ് മാതൃകാ ജനസേവന കേന്ദ്രമാക്കി ഉയർത്തും. നേരിട്ടും ഇ-മെയിലായും എംഎൽഎക്ക് നൽകുന്ന പരാതികൾ അതാത് സമയത്തു തന്നെ ഫയലിൽ സ്വീകരിച്ച് നമ്പർ നൽകും. പിന്നീട് ഈ പരാതിയിലുണ്ടാകുന്ന ഓരോ പുരോഗതിയും ഫോൺ വഴി അറിയിക്കും.

2. തിരൂരിന് ഇനി എന്തെല്ലാം വേണമെന്ന് ജനഹിത പരിശോധന നടത്തും. മുൻഗണനാ ലിസ്റ്റുണ്ടാക്കും. ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കും.

3. ഒരു നല്ല ടീമിന് സാമൂഹ്യസേവന രംഗത്ത് പരിമിതികൾക്കകത്തും എന്തെല്ലാം സാധ്യമാകുമെന്ന് തെളിയിച്ച നേതൃത്വമാണ് ഗഫൂർ പി. ലില്ലീസിന്റേത്. ഉറച്ച രാഷ്ട്രീയ പിൻബലം കൂടിയാകുമ്പോൾ ഇത് കൂടുതൽ വിപുലപ്പെടുത്താനാകും.

4. അടിസ്ഥാന വികസനം എന്നാൽ റോഡുകളും കെട്ടിടങ്ങളും നിർമിക്കുക മാത്രമാണ് എന്ന് പ്രചരിപ്പിക്കുന്നവർക്ക് പല ലക്ഷ്യങ്ങളുണ്ട്. അതിൽ പ്രധാനം കമ്മീഷനും അഴിമതിയും തന്നെയാണ്. അതുകൊണ്ട് അഴിമതി രഹിത ജനകീയ ഓഡിറ്റോടുകൂടിയ നിർമാണ പ്രവർത്തികളായിരിക്കും നമ്മുടെ വികസനമാർഗം

5. മുൻസിപ്പാലിറ്റിയുടെ സഹകരണത്തോടെ കാക്കടവത്ത് സ്വപ്നനഗരി പദ്ധതി കൊണ്ടുവരും.

6. കോൾഡ് സ്റ്റോറേജ് അടക്കമുള്ള അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഫിഷ് ട്രേഡിംഗ് സെന്റർ ആരംഭിക്കും.

## പൊതുജനാരോഗ്യം

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ഏറെ പ്രകീർത്തിക്കപ്പെടേണ്ടതാണ്. എന്നാൽ സമീപകാലത്തായി കേരളം ആരോഗ്യ പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മഞ്ഞപ്പിത്തം, കോളറ, മലേറിയ എന്നീ രോഗങ്ങൾ തിരിച്ചു വരുന്നു. പുതിയ രോഗങ്ങളും പ്രമേഹം പോലുള്ള ജീവിതശൈലീ രോഗങ്ങളും നമ്മെ ശക്തമായി ആക്രമിക്കുന്നു. തിരൂരും ഇവയുടെ ഭീഷണികളിൽ നിന്ന് ഒട്ടും മുക്തമല്ല. വാക്സിനേഷൻ വഴി പൂർണമായും തടഞ്ഞു കഴിഞ്ഞ ഡിഫ്തീരിയ പോലുള്ള രോഗങ്ങൾ നമ്മുടെ മണ്ഡലത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും കുട്ടികളുടെ മരണത്തിനു കാരണമാകുകയും ചെയ്യുന്നു. കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായ വർധിക്കുന്നു.

നമ്മുടെ മണ്ഡലത്തിലെ സാധാരണക്കാരന്റെ ആശ്രയകേന്ദ്രമായിരുന്ന തിരൂർ ജില്ലാ ആശുപത്രി തികച്ചും ഒരു നോക്കുകുത്തിയായി മാറി. ആവശ്യമായ ഡോക്ടർമാരോ മറ്റു ജീവനക്കാരോ ചികിത്സാസൗകര്യങ്ങളോ മരുന്നുകളോ ഭക്ഷണമോ ഇല്ലാതെ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സൗകര്യങ്ങൾ പോലുമില്ലാത്തവിധം നമ്മുടെ ജില്ലാ ആശുപത്രിയെ തകർത്തു.

നമ്മുടെ മണ്ഡലത്തിൽ ശാസ്ത്രീയവും കൃത്യതയുള്ളതുമായ ആരോഗ്യസംരംക്ഷണ പരിപാടിക്ക് രൂപം നൽകണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ലക്ഷ്യം വെയ്ക്കുന്നു. തീരദേശത്തെ ചികിത്സാ അസൗകര്യങ്ങൾ പരിഹരിക്കാൻ തിരൂർ ജില്ലാ/ജനറൽ ആശുപത്രി അത്യാധുനിക സൗകര്യങ്ങളോടെ ജനോപകാരപ്രദമാക്കും.

1. നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തും, ഉപയോഗപ്രദമാക്കും
2. പാരാമെഡിക്കൽ സംവിധാനങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കും
3. ഐസിയു സംവിധാനം നടപ്പിലാക്കും
4. ട്രോമ കെയർ യൂണിറ്റ് സ്ഥാപിക്കും
5. ഡയാലിസിസ് സംവിധാനം വിപുലപ്പെടുത്തും
6. ബ്ലഡ് ബാങ്കിനു അനുമതി ലഭ്യമാക്കും

7. ഫിസിയോതെറാപ്പി യൂണിറ്റ് വിപുലപ്പെടുത്തും
8. ലിംഫ് ഫിറ്റിംഗ് സെന്റർ സ്ഥാപിക്കും
9. ജീവനക്കാർക്ക് സിക്ക് റൂം, റിക്രിയേഷൻ റൂം എന്നിവ നിർമിക്കും
10. പുതിയ ബഹുനിലക്കെട്ടിടം നിർമിക്കും
11. മോർച്ചറി ആധുനികവൽക്കരിക്കും
12. കൗൺസലിംഗ് സെന്റർ സ്ഥാപിക്കും
13. ഹൃദ്രോഗചികിത്സ ആരംഭിക്കും
14. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ട ചികിത്സാസൗകര്യം ഉറപ്പുവരുത്തും
15. ലേബർ റൂമുകളടക്കം ആധുനികവൽക്കരിക്കും

## സാമൂഹികാരോഗ്യകേന്ദ്രങ്ങൾ

1. തീരദേശത്തെ ഏക ആശ്രയമായ വെട്ടം സിഎച്ച്സിയും മണ്ഡലത്തിന്റെ കിഴക്കുഭാഗത്തുള്ള വളവന്നൂർ സിഎച്ച്സിയും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി വിപുലീകരിക്കും
2. ആവശ്യമായ ജീവനക്കാരെ നിയമിക്കും
3. പാരാമെഡിക്കൽ യൂണിറ്റുകൾ കൊണ്ടുവരും
4. സ്റ്റാഫ് ക്വാർട്ടേഴ്സ് നവീകരിക്കും
5. ആംബുലൻസ് സൗകര്യം നടപ്പിലാക്കും
6. കാൻസർ പ്രതിരോധ പരിശോധനാ സംവിധാനം
7. ഫൈലേറിയ (മന്ത്) പരിശോധന സംവിധാനം
8. ഡീ-അഡിക്ഷൻ സെന്റർ (ലഹരിമുക്ത ചികിത്സ)
9. കൗൺസലിംഗ് സെന്റർ
10. കുട്ടികളുടേയും അമ്മമാരുടേയും പ്രത്യേക വാർഡ് എന്നിവ സ്ഥാപിക്കും

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

തലക്കാട്, തിരുനാവായ, ആതവനാട്, കൽപ്പകഞ്ചേരി പിഎച്ച്സികൾ വിപുലമായ സംവിധാനങ്ങളോടെ ഗ്രാമീണാരോഗ്യ സംരക്ഷണ കേന്ദ്രമായി ഉയർത്തും. പരിയാപുരത്ത് പുതിയ പിഎച്ച്സി ആരംഭിക്കും. കിടത്തിച്ചികിത്സ, പാരാ മെഡിക്കൽ യൂണിറ്റുകൾ, ക്യാൻസർ പ്രതിരോധ-പരിശോധനാ സംവിധാനം, ജീവിതശൈലീ രോഗനിർണയത്തിനും ചികിത്സയ്ക്കുമുള്ള സംവിധാനം, കുട്ടികളുടേയും അമ്മമാരുടേയും ചികിത്സയ്ക്കും സ്ംവിധാനമൊരുക്കും

ഇവയ്ക്കു പുറമെ എല്ലാ പഞ്ചായത്തുകളിലും പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കും. ഇവയെ ഏകോപിപ്പിക്കാൻ മണ്ഡലാടിസ്ഥാനത്തിൽ സാന്ത്വനം പരിപാടിക്ക് നേതൃത്വം നൽകും.

## പ്രതിരോധ വാക്സിൻ യജ്ഞം

പ്രതിരോധവാക്സിനുകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ എംഎൽഎ നേതൃത്വം കൊടുക്കുന്ന പ്രത്യേക പദ്ധതിയാരംഭിക്കും, മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവെപ്പ് നൽകുന്നതിനുള്ള നടപടിയെടുക്കും

### ആയുർവേദം

തിരൂർ മണ്ഡലത്തിലെ എല്ലാ ആയുർവേദ ആശുപത്രികളിലും ആവശ്യമായ ജീവനക്കാരെ നിയമിച്ചും സൗകര്യങ്ങളൊരുക്കിയും വിപുലപ്പെടുത്തും. കിടത്തിച്ചികിത്സാ സൗകര്യം ഉറപ്പാക്കും.

വളവന്നൂരിൽ പ്രവർത്തിക്കുന്ന ജില്ലാ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം വിപുലപ്പെടുത്തും. ജീവനക്കാരെ നിയമിക്കും. വാഹനം, ആംബുലൻസ് എന്നിവ ലഭ്യമാക്കും

മേൽപ്പത്തൂർ ആയുർവേദ ആശുപത്രി കിടത്തിച്ചികിത്സാ സൗകര്യമുള്ളതാക്കി ഉയർത്തും

പ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യസംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കും.

എല്ലാ ആയുർവേദ ഡിസ്പെൻസറികളും ആശുപത്രികളും കേന്ദ്രീകരിച്ച് യോഗാ സെന്ററുകളാരംഭിക്കും

### ഹോമിയോപ്പതി

1. തിരൂരിൽ സാന്ത്വന ചികിത്സയ്ക്ക് ഉപയോഗമാകുന്ന തരത്തിൽ ഒരു ഹോമിയോ സ്ഥാപനമാരംഭിക്കും

3. മണ്ഡലത്തിലെ മുഴുവൻ ഹോമിയോ ഡിസ്പെൻസറികളും വിപുലപ്പെടുത്തും. ജീവിതശൈലീരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ തടയാൻ മുൻതൂക്കം നൽകും. ഹോമിയോ ക്യാമ്പുകൾ നടത്തും.

### മാലിന്യനിർമാർജനം

മാലിന്യനിർമാർജനത്തിനായി ആലപ്പുഴ മോഡൽ പദ്ധതി നടപ്പാക്കി തിരൂർ മണ്ഡലത്തെ മാലിന്യമുക്തമാക്കും.

# അടിസ്ഥാനസൗകര്യങ്ങൾ (ഇൻഫ്രാസ്ട്രക്ചർ)

## കുടിവെള്ളം, ഗതാഗത സൗകര്യങ്ങൾ

## തിരൂരിന്റെ ദാഹമകറ്റൂ

വേനലും ചൂടും കൂടുന്നു. വരൾച്ച കടുത്തതാകുന്നു. ജലക്ഷാമം കനത്ത വെല്ലുവിളിയാകുന്നു. ഈ കാലഘട്ടത്തിൽ ജലസംരക്ഷണവും കുടിവെള്ളവും ഏറെ പ്രാധാന്യമർഹിക്കുന്നു. ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് മുക്കാൽ ഭാഗം പൂർത്തിയാക്കി വെച്ചിരുന്ന തിരുനാവായ കുടിവെള്ള പദ്ധതി നാമമാത്രമായി ഉദ്ഘാടനം ചെയ്തു എന്നതല്ലാതെ തിരൂർ മണ്ഡലത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഒരു പദ്ധതിയും നടപ്പാക്കാതെ പോയ അഞ്ചു വർഷമാണ് കഴിഞ്ഞുപോയത്.



**കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് നമുക്ക് പ്രാവർത്തികമാക്കുന്ന നിർദേശങ്ങൾ മുന്നോട്ടു വെയ്ക്കുന്നു**

1. തിരുനാവായ കുടിവെള്ള പദ്ധതി ജനങ്ങൾക്ക് ഉപയോഗപ്രദമാക്കും

2. കൽപ്പകഞ്ചേരി, വളവന്നൂർ, ആതവനാട് പഞ്ചായത്തുകളെക്കൂടി പദ്ധതിയുടെ ഭാഗമമാക്കി വിപുലൂകരിക്കും

3. വെട്ടം-തലക്കാട് കുടിവെള്ള പദ്ധതി രൂപികരിക്കും

4. തിരൂർ മുനിസിപ്പാലിറ്റിയിൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ചെറുകിട പദ്ധതികൾക്ക് രൂപം നൽകും

5. ആവശ്യമായ കോളനികളിലും മറ്റിടങ്ങളിലും പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ചെറുകിട പദ്ധതികൾക്ക് രൂപം നൽകും

# വൈദ്യുതി

വൈദ്യുതി വിതരണരംഗത്ത് ശക്തമായി ഇടപെട്ട് എല്ലാവർക്കും മുഴുവൻ സമയവും വൈദ്യുതി ഉറപ്പാക്കാൻ കഴിയണം. ഇതിനായി നമ്മുടെ മണ്ഡലത്തിൽ കുറേയേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും. അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് ഒരു ഇടപെടലും കഴിഞ്ഞ അഞ്ചു വർഷമായി മണ്ഡലത്തിൽ നടന്നിട്ടില്ല. അടുത്ത അഞ്ചു വർഷം കൊണ്ട് കാര്യക്ഷമമായ ഇടപെടലുകളാണ് ഈ രംഗത്ത് എൽഡിഎഫ് ലക്ഷ്യമിടുന്നത്.

1. തിരൂർ മണ്ഡലത്തിന്റെ വളവന്നൂർ-തലക്കാട് അതിർത്തി പ്രദേശത്ത് ഒരു സബ് സ്റ്റേഷൻ കൊണ്ടുവരാൻ ശ്രമിക്കും

2. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കും

3. എല്ലാ പഞ്ചായത്തുകളിലും സെക്ഷൻ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കും

4. തിരൂർ ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് ടീം

5. തിരൂർ കേന്ദ്രമായി പോൾ കാസ്റ്റിംഗ് യൂണിറ്റ് കൊണ്ടുവരും

6. ഇടുങ്ങിയ വഴികളിലൂടെ പോകുന്ന 11 കെവി ലൈനുകളിൽ നിന്ന് എബിസി കണ്ടക്റ്റർ ഉപയോഗപ്പെടുത്തി പുനർനിർമിക്കും

7. തിരൂർ കേന്ദ്രമായി ഡിപ്പാർട്ട്മെന്റ് സ്റ്റോർ കൊണ്ടുവരും

8. കൂടുതൽ ഗുണഭോക്താക്കൾ ഉപയോഗിക്കുന്ന സിംഗ്ൾ ലൈൻ 3 ഫേസാക്കി മാറ്റും

9. എൽഇഡി ബൾബുകൾ സൗജന്യ നിരക്കിൽ പ്രചരിപ്പിക്കും10. പൊതുഇടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കും





# ഗതാഗതമേഖല - റോഡുകളുടേയും റെയിൽവേയുടേയും വികസനത്തിനൊപ്പം ജലഗതാഗത സാധ്യതകളും

## ഗതാഗതക്കുരുക്കില്ലാത്ത നഗരവും ഗ്രാമങ്ങളും

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വാഹനങ്ങളുള്ള പ്രദേശങ്ങളിലൊന്നാണ് നമ്മുടേത്. എന്നാൽ ആവശ്യത്തിന് റോഡുകളില്ലാത്തതും ഗതാഗതം ശാസ്ത്രീയമായി വിന്യസിക്കാത്തതും മൂലം ഗതാഗതക്കുരുക്കുകൾ ഇവിടെ പതിവായിരിക്കുന്നു. ഇത് സമയനഷ്ടത്തിനു മാത്രമല്ല ഇന്ധനച്ചെലവിനും മലിനീകരത്തിനും കാരണമാകുന്നു. കഴിഞ്ഞ അഞ്ചു വർഷത്തെ യുഡിഎഫ് ഭരണകാലത്ത് നിലവിലുള്ള റോഡുകൾ പുതുക്കി പണിതു എന്നല്ലാതെ ഗതാഗതരംഗത്ത് ഒരു വികസനവും ഉണ്ടായിട്ടില്ല. ഇതു കണക്കിലെടുത്ത് റോഡ് ഗതാഗത രംഗത്ത് താഴെപ്പറയുന്ന നിർദേശങ്ങൾ നടപ്പാക്കാൻ എൽഡിഎഫ് ഉദ്ദേശിക്കുന്നു.

1. പോലീസ് ലൈൻ-പൊന്മുണ്ടം ബൈപാസ് തടസങ്ങൾ തീർത്ത് നടപ്പിലാക്കും
2. പോലീസ് ലൈൻ-തിരുനാവായ ബൈപ്പാസ് നിർമിക്കും
3. തിരൂർ-വളാഞ്ചേരി (ഏഴൂർ-പട്ടർനടക്കാവ്-ആതവനാട്-കാവുംപുറം) വീതി കൂട്ടി ബൈപ്പാസാക്കി ഉപയോഗപ്പെടുത്താം
4. പൂഴിക്കുന്ന് താഴേപ്പാലം (ഓൾഡ് പൊന്നാനി) ബൈപ്പാസ് നിർമിക്കും
5. വാഹനത്തിരക്കുള്ള നഗരഭാഗങ്ങളിൽ റോഡ് കുറുകെ കടക്കുന്നതിന് ചൈനീസ് മോഡൽ മിനി ഫ്ളൈ ഓവറുകൾ സ്ഥാപിക്കും
6. തിരൂർ ടൗണിൽ പാർക്കിംഗ് പ്ലാസ സ്ഥാപിക്കും
7. കെഎസ്ആർടിസി ബസ് സ്റ്റാൻഡ് സ്ഥാപിക്കും
8. മണ്ഡലത്തിലെ നിലച്ചു പോയ കെഎസ്ആർടിസി സർവീസുകൾ പുന:സ്ഥാപിക്കും. പുതിയ സർവീസുകൾ തുടങ്ങും.
9. തിരൂർ-ഗുരുവായൂർ, തിരൂർ-കാടാമ്പുഴ കെഎസ്ആർടിസി സർവീസുകൾ ആരംഭിക്കും
10. തിരുനാവായ-തവനൂർ പാലം നിർമിക്കുന്നതിന് പരിശ്രമിക്കും




## ജലഗതാഗതം

താരതമ്യേന അപകടരഹിതവും ചെലവും മലിനീകരണവും കുറഞ്ഞതുമാണ് ജലഗതാഗത മാർഗം. നിർഭാഗ്യവശാൽ ഈ രംഗത്ത് തിരൂരിനുള്ള സാധ്യതകൾ ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

1. സംസ്ഥാന ജലപാതയുടെ ഭാഗമായി തിരൂരിനെയും മാറ്റുന്നതിനാവശ്യമായ ഇടപെടൽ നടത്തും.

# റെയിൽവേ വികസനം

മാതൃക റെയിൽവേ സ്റ്റേഷൻ, പക്ഷേ പ്ലാറ്റ്ഫോമില്ല, സ്റ്റോപ്പുമില്ല

ദക്ഷിണേന്ത്യയിലെ ഏറ്റവും ആദ്യത്തെ റെയിൽവേ സ്റ്റേഷനുകളിലൊന്നായിട്ടും ഇന്ന് നമ്മുടെ റെയിൽവേ സ്റ്റേഷന്റെ സ്ഥിതിയാണിത്. ഈ അവഗണന ഇല്ലാതാക്കണം.

1. മുഴുവൻ ദീർഘദൂര ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കുന്നതിനും
2. നാലാമത്തെ പ്ലാറ്റ് ഫോം നിർമ്മിക്കുന്നതിനും
3. കിഴക്കുഭാഗത്തു നിന്ന് പുതിയ പ്രവേശന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും
4. ബസ് സ്റ്റാൻഡ് ഭാഗത്തേയ്ക്ക് പോകുന്നതിന് രണ്ടാമത്തെ ഫുട് ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിനുമായി ശക്തമായ ഇടപെടൽ നടത്തും.




# കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, കച്ചവടം, ചെറുകിട, പുത്തൻ വ്യവസായങ്ങൾ

## കൃഷി

കൃഷിയായിരുന്നു തിരൂരിന്റെ പ്രധാന ജീവനോപാധി. വെറ്റിലക്കൃഷിയുടെ കാര്യത്തിൽ രാജ്യത്തിലെ തന്നെ പ്രധാനകേന്ദ്രമായിരുന്നു ഒരു കാലത്ത് തിരൂർ. നെൽക്കൃഷിയിലും തിരൂർ മുന്നിലുണ്ടായിരുന്നു. എന്നാൽ ഇന്ന് കാർഷികമേഖല ഏതാണ്ട് മുഴുവനും തന്നെ തകർന്നു എന്നു പറയാം. കാർഷികമേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനു വേണ്ടിയുള്ള ഒരിടപെടലും യുഡിഎഫ് സർക്കാരിന്റെയോ എംഎൽഎയുടേയോ ഭാഗത്തു നിന്നുണ്ടായിട്ടില്ല. തിരൂരിന്റെ കാർഷിക പാരമ്പര്യം തിരിച്ചു പിടിക്കാൻ അതീവ ജാഗ്രതയോടെയും മുൻഗണനയോടെയും എൽഡിഎഫ് ഇടപെടേണ്ട അടിയന്തിരഘട്ടമാണ് ഇപ്പോൾ നിലവിലുള്ളത്. ചരിത്രപരമായി നോക്കുമ്പോൾ എൽഡിഎഫിനു മാത്രം സാധിക്കുന്ന വലിയ കർമപദ്ധതി തന്നെ ഇക്കാര്യത്തിൽ ആവശ്യമാണ്.




### ജനകീയ പച്ചക്കറി കാമ്പെയിൻ

1. വിഷമില്ലാത്ത പച്ചക്കറി/ജൈവപച്ചക്കറിയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും

2. കുടുംബശ്രീയുടേയും തൊഴിലുറപ്പുകാരുടേയും സംഘക്കൃഷിക്ക് പ്രോത്സാഹനം നൽകും.

3. സംയോജിത കൃഷി ആരംഭിക്കും

4. വീട്ടുവളപ്പുകളിലും പുരയിടങ്ങളിലും വൈവിധ്യമാർന്ന ഇനങ്ങളുടെ ശേഖരം തന്നെ ഉണ്ടാക്കും.

5. സാധ്യമായ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിനുള്ള അവസരങ്ങളുണ്ടാക്കും

6. തൊഴിലുറപ്പുകാരെ ഉപയോഗപ്പെടുത്തി തരിശിട്ട നിലങ്ങൾ കൃഷിയോഗ്യമാക്കും

7. കുറ്റൂർപ്പാടം, വെണ്ടല്ലൂർപ്പാടം തുടങ്ങിയ പ്രധാന നെൽവയലുകളിൽ മുഴുവൻ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ നെൽക്കൃഷി പുനഃരാരംഭിക്കും.

8. താമരക്കൃഷി പ്രോത്സാഹിപ്പിക്കും

9. കാർഷികമേഖലയിൽ സമ്പൂർണയന്ത്രവൽക്കരണം നടപ്പാക്കും

10. വെറ്റിലക്കൃഷി സജീവമാക്കും

11. അത്യുൽപ്പാദനശേഷിയുള്ള ഉയരം കുറഞ്ഞ തെങ്ങുകൾ മണ്ഡലത്തിൽ പ്രോത്സാഹിപ്പിക്കും

## മൃഗസംരക്ഷണം

1. ഇറച്ചി, പാൽ, മുട്ട ഉൽപ്പാദനരംഗത്ത് മുന്നേറ്റമുണ്ടാക്കും.

2. കഞ്ഞിപ്പുര പൗൾട്രി ഫാം ഗവേഷണകേന്ദ്രമാക്കും

3. കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കും

4. കാലി, കോഴിത്തീറ്റ ഉൽപ്പാദനം കാര്യക്ഷമമാക്കും

5. പുതിയ മോഡൽ കാലിത്തൊഴുത്തുകൾ പ്രാവർത്തികമാക്കും (ചാണക, മൂത്ര വിസർജ്യങ്ങൾ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിനും ശുചിയായ തീറ്റ നൽകുന്നതിനും ഉറപ്പുവരുത്തുന്ന ലളിതമായ കാലിത്തൊഴുത്തുകൾ)

6. മൃഗാശുപത്രികളും സബ്സെന്ററുകളും കാര്യക്ഷമമാക്കും

## മത്സ്യമേഖല

1. മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനുള്ള നടപടികളെടുക്കും

2. പൊതുകുളങ്ങൾ, സ്വകാര്യകുളങ്ങൾ, എന്നിവയിൽ മത്സ്യക്കൃഷി നടത്തുന്നതിന് സഹായം ചെയ്യും

3. കൊഞ്ച് കൃഷി പ്രോത്സാഹിപ്പിക്കും

4. മത്സ്യത്തീറ്റയും വിത്തും വിതരണം ചെയ്യും

5. സമുദ്രമത്സ്യക്കൃഷി ലക്ഷ്യമാക്കി തീരക്കടലിൽ മാരിക്കൾച്ചർ പാർക്കുകൾ സ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തും.

6. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കും

7. സമുദ്രമത്സ്യക്കൃഷിക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ പുതിയ ഹാച്ചറി സംവിധാനമൊരുക്കും

# വ്യവസായം

വ്യാവസായികമായി ഒരു വളർച്ചയുമില്ലാത്ത മണ്ഡലമാണ് തിരൂർ. ആധുനിക വ്യവസായ ശാലകൾ സ്ഥാപിക്കാനോ പരമ്പരാഗത വ്യവസായങ്ങളെ പരിപോഷിപ്പിച്ചെടുക്കാനോ യാതൊരു ശ്രമവും മണ്ഡലത്തിൽ നടന്നിട്ടില്ല. മണ്ഡലത്തിൽ ആധുനിക വ്യവസായ ങ്ങളും ചെറുകിട വ്യവസായങ്ങളും ആരംഭിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിനും ധാരാളം സാധ്യതകൾ ഉണ്ടായിട്ടും യുഡിഎഫ് സർ ക്കാരും എംഎൽഎയും അവ ഗൗനിച്ചില്ല.

നമ്മുടെ മണ്ഡലത്തിന്റെ ഈ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. അ തിനുതകുന്ന പദ്ധതികൾ നടപ്പാക്കും.

1. കൽപ്പകഞ്ചേരി-വളവന്നൂർ സർക്കാർ ഭൂമി ഉപയോഗപ്പെടുത്തി മിനി ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ ശ്രമിക്കും
2. നാളികേര ഉൽപ്പന്നങ്ങൾ, ഭക്ഷ്യോൽപ്പന്നങ്ങൾ എന്നിവയുടെ വ്യവസായ ക്ലസ്റ്റർ രൂപീകരിക്കും
3. എൽഇഡി ബൾബ്/ലാംപ് നിർമാണ യൂണിറ്റ് സ്ഥാപിക്കും
4. പരമ്പരാഗത വ്യവസായങ്ങൾ ആധുനികീകരിച്ച് നടപ്പാക്കും
5. ചകിരി/ചകിരിച്ചോറ് ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കും
6. മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിന് നടപടിയെടുക്കും
7. മാലിന്യങ്ങളും പാഴ് വസ്തുക്കളും (വേസ്റ്റ് മെറ്റീരിയൽസ്) റീസൈക്ക്ളിംഗ് ചെയ്യുന്നതി നുള്ള യൂണിറ്റുകൾ സ്ഥാപിക്കും
8. വ്യാപാരമേഖല സജീവമാക്കും
9. കശുമാവ്, വാഴ, വെറ്റിലക്കൃഷി വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കും
10. മുള കൊണ്ടുള്ള കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റ് രൂപികരിക്കും (ക്ല സ്റ്റർ വ്യവസായം)
11. കളിമൺ വ്യവസായം - മൺപാത്ര നിർമാണരംഗത്ത് വൈവിധ്യവൽക്കരണം നടപ്പാ ക്കും. മണ്ണുകൊണ്ടുള്ള അലങ്കാരവസ്തുക്കൾ നിർമിക്കുന്ന യൂണിറ്റ് സ്ഥാപിക്കും.
12. കരകൗശലം, മുള, മൺപാത്രം ഇവ ചേർത്ത് ക്രാഫ്റ്റ് വില്ലേജിന് രൂപം നൽകും.
13. കഞ്ഞിപ്പുര കോഴിവളർത്തൽ കേന്ദ്രം സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിച്ച് വിപുലീകരി ക്കാൻ സമ്മർദ്ദം ചെലുത്തും
14. കാർത്തല മാൽക്കോ-ടെക്സ് വിപുലീകരിക്കും
15. കുടുംബശ്രീകളെ യോജിപ്പിച്ച് കാറ്ററിംഗ് ആൻഡ് ബേക്കിംഗ് യൂണിറ്റ് സ്ഥാപിക്കും





# ഫുട്ബോളിന്റെ നാടായ തിരൂരിൽ കായിക പ്രതിഭകൾക്കായി ജനകീയ പദ്ധതികൾ

1. മുഴുവൻ പഞ്ചായത്തുകളിലും മിനി സ്റ്റേഡിയം എന്നതായിരിക്കും പ്രധാന ലക്ഷ്യം. തിരൂർ സ്റ്റേഡിയം ഈ മിനി സ്റ്റേഡിയങ്ങളുടെ ഹബ്ബായി വികസിപ്പിക്കും.

2. ഫുട്ബോൾ പരിശീലനത്തിന് അക്കാദമി സ്ഥാപിക്കും. വിദഗ്ധ പരിശീലനവും കായിക പ്രതിഭകൾക്ക് സംസ്ഥാന ദേശീയ മത്സരങ്ങളിൽ അവസരങ്ങളും ഒരുക്കും

3. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കായിക പദ്ധതി നടപ്പാക്കും

4. അവശതയനുഭവിക്കുന്ന കായിക പ്രതിഭകൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കും. സർക്കാർ സഹായത്തോടൊപ്പം വിവധ സാമൂഹിക പദ്ധതികൾക്കുള്ള ധനശേഖരണാർത്ഥ ടൂർണമെന്റുകൾ സംഘടിപ്പിക്കും

5. സ്പോർട്സ് വികസനത്തിനും പദ്ധതി തയ്യാറാക്കും. മണ്ഡലത്തിൽ ഒരു കോർ ടീം രൂപീകരിക്കും

6. വോളിബോൾ, ക്രിക്കറ്റ്, ടെന്നീസ് തുടങ്ങി മുഴുവൻ കായിക ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകം പരിശീലന പദ്ധതികൾ സംഘടിപ്പിക്കും

7. യുവജന ക്ലബ്ബുകൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും ജാതിമത രാഷ്ട്രീയ പരിഗണനകളില്ലാതെ തന്നെ പ്രോത്സാഹനം നൽകും

8. നീന്തൽ പിരിശീലനത്തിനായി സ്വിമ്മിങ്ങ് പൂളുകൾ നിർമ്മിക്കും

9 കലാപഠന കേന്ദ്രങ്ങൾ - തിരൂർ ഷായുടെ പേരിൽ മ്യൂസിക്ക് ഇൻസ്റ്റിറ്റ്യൂട്ടും കലാഭവൻ മണിയുടെ പേരിൽ നാടൻകലാ പഠന കേന്ദ്രവും തുടങ്ങും





# തുഞ്ചന്റെ മണ്ണ് തിരൂർ

1. സംസ്ഥാനത്തെ പ്രധാന സാംസ്കാരിക കേന്ദ്രങ്ങളിലൊന്നാണ് തുഞ്ചൻ പറമ്പ്. തുഞ്ചൻ സ്മാരക ട്രസ്റ്റുമായി ചേർന്ന് സമഗ്ര വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കും

2. എല്ലാ മാസവും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കും.

3. ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകും

4. സാഹിത്യ മ്യൂസിയം - എഴുത്തുകാരുടെ കയ്യെഴുത്തും ശബ്ദരേഖകളും ചിത്രങ്ങളുമടക്കം അത്യാധുനിക സംവിധാനങ്ങളോടുകൂടിയ മ്യൂസിയമാക്കി വളർത്തിയെടുക്കാൻ ശ്രമിക്കും

# പ്രവാസി ക്ഷേമത്തിന്റെ പുതിയ മാതൃകകൾ

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രവാസി കുടുംബങ്ങളുള്ള മണ്ഡലങ്ങളിലൊന്നാണ് തിരൂർ. പ്രവാസികളുടേയും അവരുടെ കുടുംബങ്ങളുടേയും ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ എൽഡിഎഫ് എന്നും മുന്നിലായിരുന്നു. മുൻ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പ്രവാസിക്ഷേമ വകുപ്പും പ്രവാസി ക്ഷേമ ബോർഡും ഇതിനുദാഹരണങ്ങളാണ്. എന്നാൽ കഴിഞ്ഞ അഞ്ചു വർഷമായി ഇവ നിർജീവമാണ്. ഇവയെ വീണ്ടും സജീവമാക്കുന്നതിനു പുറമെ എണ്ണവിലിയിടിവ് /നിതാഖത്/സ്വദേശിവൽക്കരണം തുടങ്ങിയ പുതിയ പ്രതിസന്ധികൾ നേരിടുന്ന പ്രവാസികളുടേയും പ്രവാസി കുടുംബങ്ങളുടേയും ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പാക്കാനും എൽഡിഎഫ് പ്രതിജ്ഞാബദ്ധമാണ്.

1. മടങ്ങി വരുന്ന പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന പുനരധിവാസ പാക്കേജുകൾ യഥാസമയം നേടിക്കൊടുക്കാനും പുതുിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങാനും വേണ്ട സഹായങ്ങൾ ചെയ്യും

3. പ്രവാസികളുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിന് വിദേശ രാഷ്ട്രങ്ങളിലെ, പ്രത്യേകിച്ച് ഗൾഫ് രാഷ്ട്രങ്ങളിലെ മലയാളി സംഘടനകളുമായി സഹകരിച്ച്, കോർഗ്രൂപ്പുകളുണ്ടാക്കും

4. പുതിയതായി വിദേശത്തേക്ക് തൊഴിൽ തേടി പോകുന്നവർക്കാവശ്യമായ നിർദ്ദേശങ്ങളും സഹായവും ചെയ്യും

5. നിലവിലുള്ള പ്രവാസിക്ഷേമ നിയമത്തിലെ ന്യൂനതകൾ പരിഹരിച്ച് ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തും

6. നിലവിലുള്ള എമിഗ്രേഷൻ നിയമം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ആവശ്യമുന്നയിക്കും

7. പെൻഷനുവേണ്ടി ക്ഷേമനിധിയിൽ ചേരാനുള്ള പ്രായപരിധി എടുത്തുകളയണം, ചുരുങ്ങിയ പെൻഷൻ വർധിപ്പിക്കണം, ക്ഷേമനിധിയിലെ സർക്കാർ വിഹിതം വർധിപ്പിക്കണം, 5 വർഷം അംശാദായമടക്കുന്ന എല്ലാ പ്രവാസികൾക്കും പ്രവാസി ക്ഷേമ പെൻഷൻ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണം, നാട്ടിൽ തിരിച്ചെത്തുന്ന ആവശ്യക്കാരായ പ്രവാസികൾക്ക് സൗജന്യ ചികിത്സാ പദ്ധതി പ്രഖ്യാപിക്കണം, പ്രവാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് സീറ്റ് സംവരണം ഏർപ്പെടുത്തണം, സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികൾ പ്രവാസികൾക്കും ലഭ്യമാക്കണം, വിമാനക്കമ്പനികളുടെ ചൂഷണം തടയണം തുടങ്ങിയ എൽഡിഎഫ് പ്രകടനപത്രികയിലെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായി ശക്തമായി പ്രവർത്തിക്കും.

8. പ്രവാസികൾക്കായി കേരള വികസന നിധി രൂപീകരിക്കാനുള്ളതാണ് എൽഡിഎഫിന്റെ പ്രധാന പദ്ധതികളിലൊന്ന്. പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ പങ്കുചേരുന്ന പ്രവാസികൾക്ക് അവർ തിരിച്ചു വരുമ്പോൾ അവരവരുടെ യോഗ്യതകൾക്കനുസൃതമായി തൊഴിൽ നൽകാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി.

9. വിദേശങ്ങളിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച് അപ്പപ്പോൾ തൊഴിലന്വേഷകർക്ക് വിവരങ്ങൾ ശേഖരിച്ചു നൽകുക, ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുക, വിദേശത്ത് ജോലിക്ക് പോകുന്നവർക്ക് വായ്പാ സഹായം നൽകുക, വിമാനക്കമ്പനികളുടെ ചൂഷണം തടയാൻ നടപടി, തൊഴിൽ നഷ്ടപ്പെടുന്നവർക്കും രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും സംരക്ഷണ പദ്ധതി തുടങ്ങി ഒട്ടനവധി കാര്യങ്ങൾ എൽഡിഎഫ് ഉറപ്പുനൽകുന്നു.

10. കേരളീയ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാനുള്ള പദ്ധതിയും എൽഡിഎഫ് ലക്ഷ്യമിടുന്നു.

11. മലയാളികൾ കൂടുതലായുള്ള രാജ്യങ്ങളിൽ കേരളത്തിൽ നിന്നുള്ള ഒരുദ്യോഗസ്ഥനെ നിയമിക്കാനാണ് എൽഡിഎഫിന്റെ ശ്രമം. മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനുള്ള കാലതാമസം ഒഴിവാക്കലും എൽഡിഎഫിന്റെ ലക്ഷ്യമാണ്. ജയിലിൽ കിടക്കുന്നവർക്കും കേസുകളിൽ ഉൾപ്പെട്ടവർക്കും നിയമപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും നിയമസഹായം നൽകുന്നതിനു വേണ്ടി വിവിധ മേഖലകളിൽ അഭിഭാഷകരുടെ പാനലുകൾ ഏർപ്പെടുത്താനും എൽഡിഎഫ് ഉദ്ദേശിക്കുന്നു.

## തീരഊരിന്റെ ടൂറിസം സാധ്യതകൾ

ചരിത്രസ്മരണകൾ ഉണർത്തുന്ന തിരൂർ നിയോജകമണ്ഡലം ഭൗതികവും സാംസ്കാരികവുമായ സവിശേഷതകളാൽ സംസ്ഥാനത്തെ പ്രമുഖമായ പ്രദേശമാണ് ഭാഷാപിതാവ് തുഞ്ചത്ത് എഴുത്തച്ഛന്റേയും മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടേയും സാംസ്കാരിക ചൈതന്യം ഏറ്റുവാങ്ങിയ ഭൂമി. മാമാങ്ക ചരിത്ര സ്മരണകൾ ഉണർത്തുന്ന തിരുനാവായ, ബ്രിട്ടീഷുകാർക്കെതിരെ സമരം സംഘടിപ്പിച്ച കർഷകകലാപത്തിന് നേതൃത്വം കൊടുത്ത മാപ്പിളപോരാളികൾ അന്ത്യവിശ്രമം കൊള്ളുന്ന കോരങ്ങത്ത് ജുമാ മസ്ജിദ് - ഇവയെല്ലാം കൊണ്ട് സമ്പന്നമാണെങ്കിലും നിളാനദിയും അറബിക്കടലും ഉൾപ്പെടുന്ന ഇതിഹാസ സംഗമഭൂമിയായ തിരൂർ നിയോജകമണ്ഡലത്തിന് ഇന്ന് വിനോദ സഞ്ചാര ഭൂപടത്തിൽ വലിയ സ്ഥാനമില്ല. തിരൂരിന്റെ ഈ സാധ്യതകളെ ഉപയോഗപ്പെടുത്താൻ യുഡിഎഫ് സർക്കാരോ എംഎൽഎയോ ശ്രമിച്ചിട്ടില്ലെന്നതാണ് ഈ പിന്നോക്കാവസ്ഥയുടെ പ്രധാന കാരണം. തിരൂരിന്റെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി വിപുലമായ പദ്ധതികൾ തയ്യാറക്കണമെന്ന് ഞങ്ങൾ കരുതുന്നു.

1. പൈതൃക ടൂറിസത്തിന് പ്രാമുഖ്യം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. തിരൂർ തുഞ്ചൻ പറമ്പ്-തിരുനാവായ മാമാങ്ക സ്മരണകൾ-മേൽപ്പത്തൂർ സ്മാരകം, പ്രശസ്തങ്ങളായ ക്ഷേത്രങ്ങൾ, പള്ളികൾ, ക്രൈസ്തവ ദേവാലയങ്ങൾ എന്നിവ ഉൾപ്പെടുത്തി പൈതൃക ടൂറിസം പദ്ധതി തയ്യാറാക്കും.

2. ആരോഗ്യ ടൂറിസം പദ്ധതി നടപ്പാക്കും. തിരുനാവായ നിളയോരവും തിരൂർ പുഴയോരവും അനുയോജ്യമാക്കി ഹെൽത്ത് ടൂറിസം പദ്ധതി നടപ്പാക്കും.

3. തിരൂർപ്പുഴ-കാനോലിക്കനാൽ-പൊന്നാനിപ്പുഴ എന്നിവ ഉൾപ്പെടുത്തി ബോട്ടിംഗ് സൗകര്യം അടക്കമുള്ളവ നടപ്പാക്കും

4. പുഴയോരത്ത് നടപ്പാതകളും പാർക്കും സ്ഥാപിക്കും

5. തിരൂർ കാക്കക്കടവ് സ്പനനഗരി പ്രദേശത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിൽ ടൂറിസം പദ്ധതികൾ നടപ്പാക്കും

6. തുഞ്ചൻ പറമ്പ് വികസനത്തിന് വിപുലമായ പദ്ധതികൾ നടപ്പാക്കും

7. തിരൂർ ടൗൺഹാളിന് മുൻവശത്ത് വാഗൺ ട്രാജഡി രക്തസാക്ഷി സ്മാരക കവാടം പണിയും

8. മലബാറിലെ സ്വാതന്ത്ര്യസമര ചരിത്രത്തെ ആസ്പദമാക്കി ചരിത്ര മ്യൂസിയം സ്ഥാപിക്കും

9. ആതവനാട്, അയ്യപ്പനോവ് പോലുള്ള പ്രദേശങ്ങളിൽ വിനോദ സഞ്ചാരത്തിനുതകുന്ന പദ്ധതികൾ ആരംഭിക്കും

10. തിരുനാവായ മാമാങ്ക സ്മാരകങ്ങൾ ചരിത്ര മ്യൂസിയമായി ഉയർത്തും

## തിരൂർപ്പുഴയ്ക്ക് പുതുജീവൻ നൽകേണ്ടതും തിരൂരിന്റെ പ്രധാന ആവശ്യങ്ങളിലൊന്നാണ്.

1. പുഴ പൂർണായും മാലിന്യമുക്തമാക്കും

2. ജലസേചനം, കുടിവെള്ളം, യാത്ര, വിനോദസഞ്ചാരം എന്നീ ആവശ്യങ്ങൾക്കായി പുഴയെ ഉപയോഗപ്പെടുത്തും

3. പുഴയോടു ചേർന്ന് സ്വിമ്മിംഗ്പൂൾ/അക്വാസ്പോർട്സ് കേന്ദ്രം സ്ഥാപിക്കാൻ ശ്രമിക്കും.





## ദളിത് വികസനം തിരൂർ മണ്ഡലത്തിൽ

തിരൂർ നിയോജകമണ്ഡലത്തിലെ ദളിത് വിഭാഗങ്ങളുടെ നില കേരളത്തിലെ മറ്റു പ്രദേശങ്ങളിലേതുപോലെ മുന്നോട്ടു പോയിട്ടുണ്ട്. എന്നാൽ ഈ വിഭാഗങ്ങളുടെ വികസനം, സാമ്പത്തിക സ്ഥിതി, ജീവിതസാഹചര്യങ്ങൾ എന്നിവ കേരളത്തിലെ മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ പിന്നിലാണ്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഇന്നും തുടരുന്നു. അതിനാൽ ദളിത് വിഭാഗങ്ങളുടെ നിലവിലുള്ള ജീവിതാവസ്ഥകളുടെ വിലയിരുത്തലിലൂടെ അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളാണ് മുന്നോട്ടുവെയ്ക്കുന്നത്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഭൂമി വാങ്ങാൻ സഹായങ്ങൾ നൽകും

2. വീടില്ലാത്തവർക്ക് വീടുവെച്ചു നൽകാൻ ഇടപെടും

3. വീടുകളുടെ അസൗകര്യങ്ങൾ പരിഹരിച്ച് പുതുക്കിപ്പണിയാൻ സഹായിക്കും

4. എല്ലാ കോളനികളിലും കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഇടപെടും. കിണർ റീചാർജിംഗ്, മഴവെള്ള സംഭരണി, ചെറുകിട കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കും. മാലിന്യനിർമാർജനം ഊർജിതമായി നടപ്പാക്കും

5. സ്കൂളുകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം

6. പഠനവീടുകൾ ആരംഭിക്കും

9. ഹയർ സെക്കൻഡറി മുതൽ മേലോട്ട് പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി കമ്പ്യൂട്ടർ നൽകും

10. തിരൂർ ആസ്ഥാനമായി പരിവർത്തനാത്മക പഠനകേന്ദ്രം (ഉന്നത പഠന സാധ്യതകൾ, മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം, സെൽഫ് ഇംപ്രൂവ്മെന്റ് ക്ലാസുകൾ)

11. പഠനം പാതിവഴിയ്ക്ക് അവസാനിപ്പിച്ചു പോകുന്നവർക്കായി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കും

## സ്ത്രീശാക്തീകരണം

കേരളത്തിലെ സ്ത്രീകൾ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും നേടിയ പുരോഗതി എടുത്തുപറയേണ്ടതാണ്. തിരൂർ മണ്ഡലവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ നമ്മുടെ നാട്ടിലുണ്ട് എന്നുള്ളത് ഈ മുന്നേറ്റത്തിന്റെ തെളിവാണ്. എന്നാൽ തൊഴിൽപങ്കാളിത്തത്തിലും സാമ്പത്തിക സുരക്ഷിതത്വത്തിലും സ്ത്രീകൾ ഇന്നും പിറകിലാണ്. ഏറ്റവും കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കാണ് ഇവിടെ കാണപ്പെടുന്നത്. ഗാർഹിക പീഡനങ്ങളും മറ്റു പീഡനങ്ങളും വർധിച്ചു വരുന്നു. ഇതിനെല്ലാം ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

1. മണ്ഡലം സ്ത്രീസൗഹൃദമാക്കും. ജാഗ്രതാസമിതികൾ സജീവമാക്കും
2. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കും
3. ഷീ ഓട്ടോ, ഷീ ടാക്സി എന്നിവ നടപ്പാക്കും
4. ചെറുകിട വ്യവസായ യൂണിറ്റുകൾ കുടുംബശ്രീ മുഖേന നടപ്പാക്കും
5. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അക്രെഡിറ്റഡ് ഹോട്ടലുകൾ ആരംഭിക്കും
6. സ്ത്രീ ജൻഡർ പാർക്ക് ആരംഭിക്കും (തൊഴിൽപരിശീലനത്തിനും സ്ത്രീകളുടെ നൈപുണ്യവികസനത്തിനും ഉപജീവനത്തിനുമുതകുന്ന വിവധ പരിപാടികൾ ഏകോപിപ്പിക്കുന്നതിനാണ് ജൻഡർ പാർക്ക്)
7. തിരൂർ കേന്ദ്രീകരിച്ച് സഹകരണ മേഖലയിൽ വിധവകളുടെ പുനരധിവാസത്തിനുതകുന്ന രീതിയിൽ ഒരു കേന്ദ്രം സ്ഥാപിക്കും

## ഭരണ സംവിധാനം

എൽഡിഎഫ് മുന്നോട്ടുവെയ്ക്കുന്ന വികസനപദ്ധതികൾ ജനോപകാരപ്രദമായി നടപ്പിലാക്കേണ്ടത് ഭരണയന്ത്രത്തിലൂടെയാണ്. അതുകൊണ്ട് ഭരണയന്ത്രം ജനകീയതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ രൂപീകരിക്കുകയും ഉപോയോഗിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. തിരൂർ നിയോജകമണ്ഡലത്തിൽ ഭരണസംവിധാനങ്ങളെയാകെ നവീകരിച്ചും ഏകോപിപ്പിച്ചും ഇത് സാധ്യമാക്കണം. വർത്തമാനകാലത്ത് ഉയർന്നുവന്നിട്ടുള്ള പൗരസമൂഹത്തോട് ഉത്തരവാദിത്തമുള്ള നിയമങ്ങളും കാഴ്ച്ചപ്പാടുകളും ഇതിനായി ഉപയോഗിക്കുകയും ചെയ്യണം.

1. സർക്കാർ ഓഫീസുകൾ ജനപക്ഷ വികസനത്തിനു നേതൃത്വം നൽകുന്നവയാക്കി മാറ്റും
2. അഴിമതിയും ദുർഭരണവും ഇല്ലാതാക്കും
3. സർക്കാർ ഓഫീസുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തും
4. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിന് പരിശ്രമിക്കും
5. ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടും
6. പൗരാവകാശ, സേവനാവകാശ, അവലോകനാവകാശ, പരാതിപരിഹാര അവകാശ സാധ്യതകൾ ഉറപ്പാക്കും
7. ഓഫീസുകളിൽ ഏറ്റവും പുതിയ സാങ്കേതിവിദ്യകൾ ഉപയോഗിക്കും, പരസ്പരം ബന്ധിപ്പിക്കും
8. തിരൂർ സിവിൽ സ്റ്റേഷൻ കൂടുതൽ സൗകര്യപ്രദവും ജനോപകാരപ്രദവുമാക്കും
9. സർക്കാർ സേവനങ്ങളേയും ജനകീയ അവകാശങ്ങളേയും കടമകളേയും കുറിച്ച് അവബോധം നൽകാൻ പരിപാടികൾ ആവിഷ്ക്കരിക്കും.
10. **എംഎൽഎ ഓഫീസ് കേന്ദ്രീകരിച്ച് ജനങ്ങളുടെ പരാതികൾക്ക് അതിവേഗം പരിഹാരം കാണുന്നതിനുള്ള ഇ-പ്ലാറ്റ്ഫോം സേവനം കൊണ്ടുവരും.**

# തദ്ദേശ ഭരണസ്ഥാപനങ്ങളും ജനപങ്കാളിത്തവും

1. മണ്ഡലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സഹായിക്കും

2. ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാനും പുനർവിന്യസിക്കാനും ഇടപെടും.

3. വിവരസാങ്കേതികവിദ്യയുടെ സഹായം പൂർണമായും ഉപയോഗപ്പെടുത്തും.

ഇപ്പറഞ്ഞതൊന്നും അസാധ്യമായവയല്ല. കാരണം സേവന സന്നദ്ധരായ നിരവധിപേർ നമുക്ക് ചുറ്റുമുണ്ട്. അവരെ കണ്ടത്തി വിവിധ പദ്ധതികളുമായി സഹകരിപ്പിക്കുകയും ഒപ്പം സർക്കാർ സഹായങ്ങൾ നേടിയെടുക്കുകയും ചെയ്താൽ മാത്രം മതി. ഇതിനുള്ള നേതൃത്വ ഗുണം ഗഫൂർ പി. ലില്ലീസിനുണ്ട്. തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നും ജനകീയ പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയും. ഇതിന് രാഷ്ട്രീയ ഇച്ഛാശക്തിയും പ്രധാനമാണ്. ഇടതുപക്ഷ പിന്തുണയോടെ തിരൂരിൽ മത്സരിക്കുന്ന ഗഫൂർ പി. ലില്ലീസിനെ നമുക്ക് വിജയിപ്പിക്കാം, ഈ വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കാം.

അഭിവാദ്യങ്ങളോടെ,

**കൺവീനർ**

**എൽഡിഎഫ് തിരൂർ നിയോജകമണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി**

നാടിനൊപ്പം, നന്മയോടൊപ്പം

# നമ്മുടെ നാട്ടുകാരൻ

നമ്മുടെ ചിഹ്നം



## കപ്പും സോസ്സറും



# ഗഫൂർ പി. ലില്ലീസിനെ

വിജയിപ്പിക്കുക


**Website: gafoorplillis.in**

**E-mail: gafoorplillis@gmail.com**

GET IT ON Google Play **gafoorplillis.in/androidapp**